റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) സർവ്വീസ് സഹകരണസംഘം, ബാങ്കുകൾ എന്നിവയിലെ നിയമനങ്ങൾ അതതു സംഘം/ബാങ്കു ഭരണസമിതികളാണ് നടത്തുന്നത്.

(ബി) പരാതികൾ ലഭിക്കാറുണ്ട്. അവ ബന്ധപ്പെട്ട ഡെപ്യൂട്ടി രജിസ്ട്രാർമാർക്ക് മേൽനടപടി എടുക്കുന്നതിന് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്.

(സി) ഇക്കാര്യം പരിശോധിക്കാം.

ജനതാ സ്റ്റോറുകൾ

* 31 [33] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, പി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ജനതാ സ്റ്റോറുകൾ ഗവൺമെൻറ് അനുവദിച്ചിട്ടുണ്ട്;

(ബി) സ്റ്റോറുകൾ അനുവദിക്കുന്നതിന് നിർദ്ദിഷ്ടമായ എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടായിരുന്നോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ജനതാ സ്റ്റോറിൻെറ വിവരം ശേഖരിച്ചുവരുന്നു.

കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് 15 താലൂക്കുകളിലായി 175 "കേരളാ സ്റ്റോറുകൾ" ഇതിനകം തുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ടായിരുന്നു.

മിച്ചഭൂമി വിതരണം

* 32 [34] ശ്രീ. പി. ശങ്കർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഏക്കർ മിച്ചഭൂമിയാണ് ഹൈക്കോടതി ഉത്തരവുപ്രകാരം വിതരണംചെയ്യാനിരിക്കുന്നത്;

(ബി) ഹൈക്കോടതി നടപടി ഇല്ലാതേയും വിതരണംചെയ്യാതെ വെച്ചിട്ടുള്ള ഭൂമി എത്ര;

(സി) മിച്ചഭൂമി എടുക്കാനും വിതരണംചെയ്യാനുമുള്ള ഹൈക്കോടതിയുടെ തടസ്സം എത്രത്തോളം നീക്കംചെയ്തു.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുമൂലം ഏറ്റെടുക്കാൻ കഴിയാത്തതും, വിതരണംചെയ്യാൻ കഴിയാത്തതുമായ 30279.63 ഏക്കർ മിച്ചഭൂമി ആണുള്ളത്.

(ബി) നിക്ഷിപ്ത വനഭൂമിയിൽ ഉൾപ്പെട്ടത്, വെള്ളത്തിൽ മുങ്ങിക്കിടക്കുന്നത്, അവകാശ തർക്കങ്ങളിൽപ്പെട്ടത്, ഇഷ്ടദാനത്തിൽ ഉൾപ്പെട്ടത് മുതലായ കാരണങ്ങളാൽ 6114.92 ഏക്കർ ഭൂമി 31-8-1979-ൽ വിതരണം നടത്താൻ ബാക്കിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly